പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 508 **13-10-2026-ൽ മറുപടിയ്ക്ക്**

വ്യവസായ വകുപ്പിന്റെ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. അജയപ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിച്ചതും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിക്കുന്നതും, ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു. കിൻഫ്ര (KINFRA)/ ഇൻകെൽ (INKEL) മുഖേന തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപമായി പുതിയ വ്യവസായ മേഖലകൾ വികസിപ്പിച്ചെടുക്കുക എന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് നെയ്യാറ്റിൻകര താലൂക്കിലും കാട്ടാക്കട താലൂക്കിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങൾക്കാവശ്യമായ അനുമതികൾ ലളിതവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനായി "ഒരു സംസ്ഥാനം ഒരു അനുമതി ഒരു രേഖ" എന്ന ആശയത്തിൽ 'സരൾ കേരളം' എന്ന ഏക സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭവ്യ പദ്ധതിയുടെ ഭാഗമായി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു.

കെ.എസ്.ഐ.ഡി.സി യിൽ ഇൻവെസ്റ്റ് കേരളം സെൽ രൂപീകരിച്ചു.

വിദേശ നിക്ഷേപങ്ങളും പ്രവാസി മലയാളികളുടെ നിക്ഷേപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നീ നഗരങ്ങളിൽ കേരള ഡെസ്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മിഷൻ **1,00,000**

ഒരു ലക്ഷം നാനോ, മൈക്രോ സംരംഭങ്ങളെ കണ്ടെത്തി അവയുടെ വിപുലീകരണത്തിന് ആവശ്യമായ പിന്തുണ നൽകുക എന്നതാണ് 'മിഷൻ ഒരു ലക്ഷം (Mission One Lakh)' പദ്ധതിയുടെ ലക്ഷ്യം.

EASE (മുതിർന്ന പൗരന്മാരുടെ ശാക്തീകരണത്തിനായുള്ള സംരംഭകത്വ സഹായം**)**

നിർമ്മാണം, സേവനം, വ്യാപാരം, കാർഷിക അനുബന്ധ മേഖലകൾ എന്നിവയിൽ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ മുതിർന്ന പൗരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതിയാണ് EASE (Entrepreneurship Assistance for Senior Empowerment). മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾക്കനുസൃതമായ സാമ്പത്തിക സഹായവും ലളിതമായ പിന്തുണ

സംവിധാനങ്ങളും നൽകിക്കൊണ്ട് അവർക്ക് അനുകൂലമായ ഒരു സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

NORKA Private Industrial Estate (NPIE) Scheme 2026

സംസ്ഥാനത്തെ ആഗോള മലയാളി പ്രവാസികളുടെ വലിയ സാധ്യതയും സംഭാവനയും മനസ്സിലാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് NORKA Private Industrial Estate (NPIE) Scheme 2026.

മിഷൻ **1000 (MSME Scale Up Mission)**

സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 1000 സൂക്ഷ്മ-ചെറുകിട സംരംഭങ്ങളെ (MSMEs) ഉൽപ്പാദനക്ഷമതയും നിക്ഷേപവും വർദ്ധിപ്പിച്ച് വലിയ സംരംഭങ്ങളാക്കി ഉയർത്തുന്നതിനുള്ള പദ്ധതിയാണിത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

MSME Digitalisation Scheme

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ digitalisation പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി ഈ സാമ്പത്തിക വർഷത്തെ budget ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു വ്യവസായ പാർക്കോ മറ്റ് വിവിധങ്ങളായ സംരംഭങ്ങളോ ആരംഭിച്ച് തൊഴിൽ ലഭ്യത ഉറപ്പ് വരുത്താനും പ്രാദേശിക വികസനം കൈവരിക്കാനും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

<u>മറുപടി:</u> നിയോജക മണ്ഡല അടിസ്ഥാനത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് പ്രത്യേകം പദ്ധതി ഇപ്പോഴില്ല.

സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകൾ, പ്രത്യേക വ്യവസായ മേഖലകൾ എന്നിവ വികസിപ്പിച്ച് പ്രാദേശിക തലത്തിൽ വ്യവസായ നിക്ഷേപവും തൊഴിൽ അവസരങ്ങളും വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുതകുന്ന എന്തെല്ലാം സഹായങ്ങളാണ് നിലവിൽ വ്യവസായ വകുപ്പ് നൽകി വരുന്നത്; ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം (Marketing) മെച്ചപ്പെടുത്തുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) സംരംഭങ്ങളെ സഹായിക്കുന്നതിനുമായി വിവിധ പദ്ധതികളും ആനുകൂല്യങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണി കണ്ടെത്താനും ഉപഭോക്താക്കൾക്കിടയിൽ വിശ്വാസ്യത ഉറപ്പാക്കാനുമായി വ്യവസായ വകുപ്പ് 'കേരള ബ്രാൻഡ്' മുദ്ര നൽകുന്നു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷമാണ് ഈ ബ്രാൻഡിങ് അനുവദിക്കുന്നത്. കോഫി, തേയില, വെളിച്ചെണ്ണ, തേൻ, പാദരക്ഷകൾ തുടങ്ങിയ 11 പ്രാദേശിക ഉൽപ്പന്നങ്ങൾക്കാണ് നിലവിൽ 'കേരള ബ്രാൻഡ്' മുദ്ര നൽകുന്നത്.

സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കാൻ വ്യവസായ വകുപ്പ് വിവിധ മേളകൾ സംഘടിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ